പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 418 — 29/06/2016-ൽ മറുപടിക്ക്

## പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി.പ്രസേനൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുറമ്പോക്ക് ഭൂമിയിൽ താമസിച്ചു വരുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **(എ) യും (ബി) യും** ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ 100 ചതുരശ്രമീറ്റർ വരെയുള്ള വീടുകൾ കെട്ടി താമസിക്കുന്ന കുടുംബങ്ങൾക്ക് അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനായി വൈദ്യുതി ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (സി) വിദ്യാർത്ഥികൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പ്രകാരം വൈദ്യുത കണക്ഷൻ നൽകാനാവശ്യമായ ചെലവ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. നിലവിലുള്ള നിയമ പ്രകാരം ഏതെങ്കിലും വിഭാഗത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന നൽകുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ